Draft #9 of File 5145/AC L-1/2021/AC L Approved by ASSISTANT REGISTRAR II (ACADEMIC) on 10-Aug-2021 08:26 PM - Page 1

15 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

അഫിലിയേറ്റഡ് കോളേജുകളിലെ അസിസ്റ്റൻറ് പ്രൊഫസർ തസ്തികയിലേക്കുള്ള ഉദ്യോഗാർത്ഥികളുടെ തെരഞ്ഞെടുപ്പിനുള്ള അന്തിമ സ്കോർ കാർഡിലെ മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച് ബഹു. വൈസ് ചാൻസലറുടെ നടപടി - ഉത്തരവ് പുറപ്പെടുവിച്ചത് - സിൻഡിക്കേറ്റിൽ റിപ്പോർട്ട് ചെയ്ത് ഉത്തരവാകുന്നു.

---

**അക്കാദമിക് ലെജിസ്ലേഷൻ**

നമ്പർ. 3924/AC L/2021/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 11.08.2021

---

*പരാമർശം:*-1. 19.10.2019 ലെ സർവകലാശാല ഉത്തരവ് നമ്പർ: 5020/ACL/2019 MGU
2. 10.01.2020 ലെ സർവ്വകലാശാല ഉത്തരവ് നമ്പർ: 150/ACL/2020 MGU
3. 30.06.2021 ലെ സർവ്വകലാശാല ഉത്തരവ് നമ്പർ: 2988/ACL/2021 MGU
4. 30.06.2021 ലെ സർവ്വകലാശാല ഉത്തരവ് നമ്പർ: 2999/ACL/2021 MGU
5. 08.07.2021 ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൻറെ മിനുറ്റ്സ് ഇനം നമ്പർ: ഒ.എ35/21.03/5145/ACL-1/2021

**ഉത്തരവ്**

പരാമർശം (1) പ്രകാരം സർവ്വകലാശാല നടപ്പിലാക്കിയ യു.ജി.സി. റെഗുലേഷൻസ് (Minimum qualifications for appointment of teachers and other Academic Staff in Universities and colleges and measure for the maintenance of standard in higher education) 2018 അടിസ്ഥാനമാക്കി തയ്യാറാക്കിയ കരട് സ്റ്റാറ്റ്യൂട്ട് ഭേദഗതിയിൽ അക്കാദമിക് കൗൺസിൽ യോഗം നിർദ്ദേശിച്ച മാറ്റങ്ങൾ, പരാമർശം (2) പ്രകാരം ഉത്തരവായി പുറപ്പെടുവിച്ചിരുന്നു.

തുടർന്ന് പരാമർശം (2)-ലെ മേൽ പരാമർശിച്ച വിഷയത്തിന്മേൽ സർവ്വകലാശാലയ്ക്ക് ലഭിച്ച പരാതി സംബന്ധിച്ച് തീരുമാനമെടുക്കുന്നതിന് പരാമർശം (3) പ്രകാരം അക്കാദമിക് കൗൺസിൽ ബഹു: വൈസ് ചാൻസിലറെ ചുമതലപ്പെടുത്തിയിരുന്നു.

അഫിലിയേറ്റഡ് കോളേജുകളിലെ അസിസ്റ്റൻറ് പ്രൊഫസർ തസ്തികയിലേക്കുള്ള ഉദ്യോഗാർത്ഥികളുടെ തെരഞ്ഞെടുപ്പിനുള്ള അന്തിമ സ്കോർ കാർഡിലെ മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച് ബഹു: വൈസ് ചാൻസിലർ പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III, 10 (17) വകുപ്പ് പ്രകാരം ബഹു: വൈസ് ചാൻസിലർ സ്വീകരിച്ച മേൽനടപടിയും, തദനുസരണം പുറപ്പെടുവിച്ച 30.06.2021ലെ 2999/ACL/2021/MGU നമ്പർ ഉത്തരവും പരാമർശം (5) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യുകയും പരാമർശം (4) ഉത്തരവിന് 01.07.2021 മുതൽ പ്രാബല്യം നൽകുവാൻ പ്രസ്തുത യോഗം തീരുമാനിക്കുകയും ചെയ്തു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൻജാൻ എ എസ്

അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസിലർ/പ്രൊ വൈസ് ചാൻസിലർ എന്നിവരുടെ പി എസ് - മാർ.
2. രജിസ്ട്രാർ/CE/FO എന്നിവരുടെ പി.എ മാർ.
3. JR II/DR I/II (അക്കാദമിക്)
4. ബന്ധപ്പെട്ട സെക്ഷനുകൾ
5. എ.സി.സി. I/II
6. പി.ആർ.ഓ സെക്ഷൻ
7. കണ്ടന്റ് മാനേജ്മെൻറ് സെക്ഷൻ
8. ഐ.ക്യു.എ.സി.
9. റെക്കോർഡ്സ് സെക്ഷൻ
10. കരുതൽ ഫയൽ/ ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #9 of File 5145/AC L-1/2021/AC L Approved by ASSISTANT REGISTRAR II (ACADEMIC) on 10-Aug-2021 08:26 PM - Page 2